**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 22.11.2024

# കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥൻ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസിന്റെ പിടിയിൽ.

കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥനായ എറണാകുളം കാക്കനാടുള്ള റീജിയണൽ ലേബർ കമ്മിഷണർ ഓഫീസിലെ അസിസ്റ്റന്റ് ലേബർ കമ്മിഷണറും ഉത്തർപ്രദേശ് സ്വദേശിയുമായ അജീറ്റ് കുമാറിനെ 20,000/- രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (22.11.2024) സംസ്ഥാന വിജിലൻസ് പിടികൂടി.

പരാതിക്കാരൻ മാനേജരായി ജോലി നോക്കി വരുന്ന പ്രൈവറ്റ് സ്ഥാപനത്തിലെ തൊഴിലാളികളെ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് കൊച്ചി റിഫൈനറിയിലേക്ക് ജോലിക്ക് പ്രവേശിപ്പിക്കാനുള്ള എൻട്രി പാസ്സിനുവേണ്ടിയുള്ള മൈഗ്രന്റ് ലൈസൻസിനായി സെപ്തംബർ മാസം പതിനെട്ടാം തിയതി റീജിയണൽ ലേബർ കമ്മിഷണർ ഓഫീസിൽ ഓൺലൈനായി അപേക്ഷ നൽകിയിരുന്നു. തുടർന്ന് അസിസ്റ്റന്റ് ലേബർ കമ്മിഷണറായ അജീറ്റ് കുമാറിനെ പലതവണ നേരിൽ കണ്ടിട്ടും മൈഗ്രന്റ് പാസ്സ് നൽകാതെ, പാസ് അനുവദിക്കുന്നതിന് 20,000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയായിരുന്നു. പരാതിക്കാരൻ ഈ വിവരം എറണാകുളം വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി, പരാതിക്കാരനിൽ നിന്നും 20,000/- രൂപ കൈക്കൂലി വാങ്ങവെ അസിസ്റ്റന്റ് ലേബർ കമ്മിഷണറുടെ ഓഫീസിൽ വച്ച് അജീറ്റ് കുമാറിനെ ഇന്ന് (22.11.2024) ഉച്ചക്ക് 12:30 മണിക്ക് കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.